# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3879** **24.08.2017-ൽ മറുപടിയ്ക്ക്**

**എസ്.സി./എസ്.റ്റി. കമ്മീഷനിലെ ഒഴിവുകൾ**

**ചോദ്യം**
ശ്രീ.എം. നൗഷാദ്

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ
മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | എസ്.സി./എസ്.റ്റി. കമ്മീഷനിൽ എത്ര ഒഴിവുകൾ നിലവിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ ; | എ) | കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷനിൽ എൽ.ഡി.ക്ലാർക്കിന്റെ രണ്ട് ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകൾ 07.07.2017-ൽ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത ഓഫീസിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക നിലവിൽ ഉണ്ടോ; എങ്കിൽ ആയത് പി.എസ്.സി. നിയമനമാണോ; വിശദമാക്കാമോ; | ബി) | . കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷനിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ രണ്ട് തസ്തികകൾ നിലവിലുണ്ട്. ഈ തസ്തികയിലേയ്ക്ക് പി.എസ്.സി നിയമനമല്ല. കരാർ അടിസ്ഥാനത്തിലാണ് ഈ തസ്തികയിൽ നിയമനം നടത്തുന്നത്. കമ്മീഷന് നിയമനാധികാരമുള്ള ഏക തസ്തികയാണ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ. ഇപ്രകാരം കരാർ നിയമനം ലഭിച്ച ആളുകൾ ടി തസ്തികകളിൽ ജോലി ചെയ്യുന്നുണ്ട്. നിലവിൽ ഈ തസ്തികയിൽ ജോലി ചെയ്യുന്നവർ 2008 മുതൽ കരാർ അടിസ്ഥാനത്തിൽ ജോലി തുടർന്നു വരുന്നു. |

| | | | |
|---|---|---|---|
| സി) | എസ്.സി./എസ്.റ്റി. കമ്മീഷൻ ചെയർമാന്റെ സി.എ -യെ എംപ്ലോയ്മെന്റ്എക്സ്ചേഞ്ച് മുഖാന്തിരം ആണോ നിയമിച്ചിരിക്കുന്നത്; വിശദമാക്കാമോ? | സി) | കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷനിൽ മൂന്ന് സി.എ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ ഒരു തസ്തികയിലേയ്ക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും, ഒരു തസ്തികയിലേയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും റീ-ഡിപ്ലോയ്മെന്റ് മുഖേനയും ഒരു തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുമാണ് നിയമനം നടത്തുന്നത്. തസ്തികകളുടെ അപര്യാപ്തത മൂലം ചെയർമാൻ, മെമ്പർമാർ, രജിസ്ട്രാർ എന്നിവർക്ക് പ്രത്യേകമായി സി.എ.മാരെ നൽകിയിട്ടില്ല. ആവശ്യമായ സമയം സി.എ മാരുടെ സേവനം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഡിപ്ലോയ്മെന്റ് വഴി നിയമനം നടത്താൻ ആവശ്യമായ ജീവനക്കാരില്ല എന്നറിയിച്ചിട്ടുള്ളതിനാൽ രണ്ട് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്നും ഒരു സി.എ.യെ കമ്മീഷനിലേക്ക് ഡിപ്ലോയ് ചെയ്ത് നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ